മൂവാറ്റുപുഴ–കൂത്താട്ടുകുളം റോഡിന്റെ പണി

167 [1518] ശ്രീ. ജോണി നെല്ലൂർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂവാറ്റുപുഴ–കൂത്താട്ടുകുളം റോഡിന്റെ 130 മുതൽ 500 വരെയുള്ള ഭാഗത്തിന്റെ പണി ഉടൻതന്നെ ആരംഭിക്കുവാനുള്ള നടപടി ഉണ്ടാകുമോയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പണി എന്നത്തേക്ക് തുടങ്ങുവാൻ കഴിയുമെന്ന് പറയാമോ;

(സി) ഇത് ആരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ; എങ്കിൽ എന്താണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ ആൻറ് ബി) പ്രസ്തുത റോഡിന്റെ 130 മുതലുള്ള 500 മീറ്റർ നീളവും പാലക്കുഴ മുതൽ കൂത്താട്ടുകുളം വരെയുള്ള 3730 മീറ്റർ റീച്ചും ഒന്നാംഘട്ടമായി 15 മീറ്റർ വീതിയിൽ ഏറ്റെടുത്ത് പണി ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിലേക്കായി അലൈൻമെൻറ് പ്ലാൻ ഉണ്ടാക്കി അംഗീകരിക്കേണ്ടതുണ്ട്. ഭരണാനുമതിയും പ്രത്യേകാനുമതിയും ലഭിക്കുന്ന മുറയ്ക്ക് പണി ഏറ്റെടുക്കുന്നതാണ്.

(സി) ഇല്ല.

പടിഞ്ഞാറെ കല്ലട-വെട്ടിയത്തോട് പാലം പണി

168 [1519] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ കുന്നത്തൂർ താലൂക്ക് പടിഞ്ഞാറെ കല്ലട പഞ്ചായത്തിൽ വെട്ടിയത്തോട് പാലത്തിന്റെ നിർമ്മാണ പുരോഗതി ഏതു വരെയായി എന്ന് വ്യക്തമാക്കാമോ;

(ബി) പാലത്തിന്റെ പണി ആരംഭിച്ചുവോ;

(സി) ഇല്ലെങ്കിൽ എത്രയും പെട്ടെന്ന് പാലം പണി തുടങ്ങുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വെട്ടിയത്തോട് പാലത്തിന്റെ പണിക്ക് വേണ്ടിയുള്ള നടപടിക്രമങ്ങൾ ആരംഭിച്ചിട്ടില്ല.

(ബി) ഇല്ല.

(സി) നടപടിക്രമങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ പാലം പണി തുടങ്ങുവാൻ സാധിക്കുകയുള്ളൂ.

കുളപ്പുള്ളി–എലിയപ്പറ റോഡ്

169 [1520] ശ്രീ. വി. സി. കബീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലത്തെ കുളപ്പുള്ളി–ചളവറ–എലിയപ്പറ റോഡ് പുനർനിർമ്മിച്ച് ഗതാഗതിപ്പെടുത്തുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly